(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പരിപാടി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം മാതൃകാ സംരംഭങ്ങൾക്കാണ് പ്രോത്സാഹനം നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രോത്സാഹനം നൽകാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം വികസനവും പരിശീലനവും എന്ന പദ്ധതിയിൽ വിജയകരമായ മോഡലുകളുടെ വ്യാപനത്തിന് 30 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) വിജയകരമായ മോഡലുകൾ മറ്റ് മേഖലയിക്ക് വ്യാപിപ്പിക്കുന്നതിന് അവയെ ഒരു മാതൃകാസംരംഭമായി മറ്റ് കർഷകർക്ക് പ്രദർശനത്തിനും അവയുടെ നല്ലവശങ്ങൾ കണ്ട് മനസ്സിലാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണിത്. ഇവയിലൂടെ പുതിയ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനും അവരെ പരിശീലനങ്ങൾക്ക് വിധേയമാക്കുന്നതിനും സാധിക്കുന്നതാണ്.

(സി&ഡി) പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

ഗോസുരക്ഷാ പദ്ധതി

154 (7451) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "ഗോസുരക്ഷാ പദ്ധതി" നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്രസർക്കാർ ധനസഹായത്തോടുകൂടി 11 ജില്ലകളിലും സംസ്ഥാന സർക്കാർ ധനസഹായത്തോടെ 3 ജില്ലകളിലും കെ.എൽ.ഡി. ബോർഡും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി ഗോസുരക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരികയായിരുന്നു. 2014-15 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ നൽകിയ പുതിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് എല്ലാ ജില്ലകളിലും സംസ്ഥാന സർക്കാർ വിഹിതംകൂടി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) കന്നുകാലികൾക്ക് മരണമോ, സ്ഥിരമായ ഉല്പാദന നഷ്ടമോ സംഭവിക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് സംരക്ഷണം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പുതുക്കിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഈ പദ്ധതിയിൽ ആട്, പന്നി, മുയൽ തുടങ്ങിയവയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(സി) ഇതുവരെ പ്രീമിയം തുകയുടെ 50% കേന്ദ്രസർക്കാരും ബാക്കി 50% ഗുണഭോക്താവും നൽകിവരുന്നു. എന്നാൽ പുതുക്കിയ മാർഗ്ഗനിർദ്ദേശ മനുസരിച്ച് പദ്ധതി നടത്തിപ്പിനായി കേന്ദ്രസർക്കാർ ആകെ പ്രീമിയം തുകയുടെ 25 മുതൽ 60 ശതമാനംവരെ വിവിധ വിഭാഗങ്ങൾക്കായി നൽകുന്നതാണ്.

ഈ പദ്ധതിയുടെ കീഴിൽ കന്നുകാലികളെ കൂടാതെ ആട്, പന്നി, മുയൽ തുടങ്ങിയവയെയും ഇൻഷർ ചെയ്യാവുന്നതാണ്.

വെറ്ററിനറി ഡോക്ടർമാർക്കുള്ള ടാഗ്ഗിംഗ് ഫീസും പോസ്റ്റുമോർട്ടം ഫീസും പദ്ധതിയിനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കർഷകരിൽ ഈ പദ്ധതിയെക്കുറിച്ച് അവബോധം സൃഷ്ടിച്ച് പദ്ധതി പ്രചരിപ്പിക്കുന്നതിനുള്ള മുഴുവൻ തുകയും പദ്ധതിയിനത്തിൽ നൽകുന്നതാണ്.

(ഡി) കേന്ദ്രസർക്കാരിന്റെ പുതിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് എല്ലാ ജില്ലകളിലും പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാർ വിഹിതംകൂടി നൽകേണ്ടതുണ്ട്. പ്രൊപ്പോസൽ ലഭ്യമാക്കി നടപടികൾ തുടരുന്നതാണ്.

ഭക്ഷ്യസുരക്ഷാ പദ്ധതിയിലൂടെ വനിതകൾക്ക് ധനസഹായം

155 (7452) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽപ്പെടുത്തി മൃഗകർഷകരായ വനിതകൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly